**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** | **01-09-2022 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതി വിപുലീകരിക്കുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | **കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളായി നിലവിൽ 270 ബ്രോയ് ലർ ഫാമുകളും, 98 കേരള ചിക്കൻ ഔട്ട് ലെറ്റുകളും പ്രവൃത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ 4 ജില്ലകളിൽ കൂടി കേരള ചിക്കൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 4 ജില്ലകളിലും കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകരെ ഉൾപ്പെടുത്തികൊണ്ട് ക്ലസ്റ്റർ രൂപീകരണവും, 4 ജില്ലകളിലേക്ക് ആവശ്യമായി വരുന്ന മാനവശേഷി നിയമനവും കുടുംബശ്രീ നടത്തിക്കഴിഞ്ഞു. പ്രത്യേക ജീവനോപാധി പാക്കേജ് വഴി കേരള ചിക്കൻ പദ്ധതിക്കായി കുടുംബശ്രീക്ക് അനുവദിച്ച നൽകിയ തുക, പദ്ധതി നടപ്പിലാക്കുന്ന കുടുംബശ്രീ ബ്രോയ് ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഘട്ടം ഘട്ടമായി ഈ 4 ജില്ലകളിലും ആരംഭിക്കുന്നതും, നിലവിൽ പദ്ധതി നടപ്പിലാക്കുന്ന 6 ജില്ലകളിൽ കൂടുതൽ ഫാമുകളിലേക്ക് ഇന്റഗ്രേഷൻ വ്യാപിപ്പിക്കുന്നതും സംബന്ധിച്ച വിഷയം പരിശോധിച്ച വരുന്നു.** |

സെക്ഷൻ ഓഫീസർ